## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.422** **21.10.2016 ൽ മറുപടിയ്ക്ക്**

### സ്വകാര്യ ബസ്സുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീമതി. സി.കെ. ആശ<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ ബസ്സുകളിൽ കയറുന്ന വിദ്യാർത്ഥികളെ അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്.ഇത്തരത്തിലുള്ള പരാതികൾ വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മാതാപിതാക്കളിൽ നിന്നും പൊതു സമൂഹത്തിൽ നിന്നും ലഭിക്കുമ്പോൾ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് . പൊതുവായ പരാതികളിൻമേൽ ബസുടമയ്ക്കെതിരെയും ബസ് ജീവനക്കാർക്കെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു.<br>വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും ജില്ലാതല സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. വിദ്യാർത്ഥി പ്രതിനിധികളും വാഹന ഉടമകളും ഉദ്യോഗസ്ഥരും അടങ്ങുന്ന കമ്മിറ്റി അതാത് ജില്ലകളിലെ സാഹചര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ തിരക്കേറിയ സമയങ്ങളിൽ വിദ്യാർത്ഥികളുടെ യാത്രാസുരക്ഷയ്ക്കായി പോലീസ്/ഹോം ഗാർഡ് എന്നിവരുടെ സാന്നിധ്യം ഉറപ്പ് വരുത്തി എല്ലാ സഹായങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കാതിരിക്കുക, ബസ്സ് പുറപ്പെടുന്നതുവരെ വെയിലത്ത് നിർത്തുക, വിദ്യാർത്ഥികൾ കൂടുതലുള്ള സ്റ്റോപ്പുകളിൽ ബസ്സ് നിർത്താതിരിക്കുക തുടങ്ങിയ പ്രവണതകൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്ക് അനുവദിച്ചിട്ടുള്ള സീറ്റുകൾ, അവർക്ക് ലഭ്യമാകുന്നോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾ, വൃദ്ധജനങ്ങൾ, അംഗപരിമിതർ എന്നിവർക്കായി നിയമാനുസൃതം സംവരണംചെയ്തിട്ടുള്ള സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ഓരോ ബസ്സുകളിലും പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ 10.04.13-ലെ സ.ഉ.(പി)32/2013/ഗതാ.നമ്പർ സർക്കാർ ഉത്തരവുപ്രകാരം സ്ത്രീകൾ, വികലാംഗർ, മുതിർന്ന പൗരന്മാർ എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ അവർ ആവശ്യപ്പെടുമ്പോൾ ഒഴിഞ്ഞ് കൊടുക്കാതെ മറ്റു യാത്രക്കാർ യാത്ര ചെയ്യുന്നത് 1988-ലെ മോട്ടോർ വാഹന നിയമം 177-ാം വകുപ്പ് പ്രകാരം 100 രൂപ പിഴ ഈടാക്കാവുന്ന കുറ്റമാണ് എന്ന് എല്ലാ സ്റ്റേജ് കാര്യേജുകളുടെയും ഉൾവശത്ത് ഏവർക്കും വ്യക്തമായി കാണത്തക്കവിധം എഴുതി പ്രദർശിപ്പിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരാതികൾക്ക് മോട്ടോർവാഹനവകുപ്പ് നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി 29.07.2016-ന് സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുകയും ഇത്തരം നിയമലംഘനങ്ങൾ നടത്തിയ 247 ബസ്സുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾക്കും, വൃദ്ധ ജനങ്ങൾക്കും അംഗപരിമിതർക്കും അനുവദിച്ചിട്ടുള്ള സീറ്റുകൾ അവർക്ക് തന്നെ ലഭ്യമാക്കുന്നതിന് പോലീസ് വകുപ്പും നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ